(എഫ്) എന്തു ഉറപ്പിന്മേലാണ് സംഖ്യകൾ കൊടുത്തിട്ടുള്ളതു്;

(ജി) ഉദ്ദേശിച്ചിട്ടുള്ള എല്ലാ വീടുകളും റിപ്പയർചെയ്യുന്നതിന്നു് ആകെ എത്ര സംഖ്യ വേണ്ടിവരും;

(എച്ച്) റിപ്പയർ ചെയ്യേണ്ടതായ എല്ലാ വീടുകളും ഇക്കൊല്ലം വർഷാരംഭത്തിന്നു മുമ്പുതന്നെ നന്നാക്കേണ്ടതാണെന്നു് വല്ല നിവേദനവും ഗവമ്മെണ്ടിനു് ലഭിച്ചിട്ടുണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ:

(എ) ൨ ൦ ൪ പേക്കു്.
(ബി) ൩ ൦ ക.
(സി) ൨.
(ഡി) ൧ ൦ ൦ ക.
(ഇ) ൩ ൧.
(എഫ്) സ്വന്തം ഉറപ്പിന്മേൽ
(ജി) ൩ ൦, ൦ ൦ ൦ ക.
(എച്ച്) ഉവ്വ്.

മിസ്റ്റർ കെ. കെ. കണ്ണൻ: ആകെ എത്ര വീടുകളാണു് നന്നാക്കുവാനുള്ളതു്?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഒട്ടാകെ ൪൦൦ വീടുകളോളം ആണു് നന്നാക്കുവാനുള്ളതു്. അതിൽ പകുതിയോളം നന്നാക്കിട്ടുണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇപ്പോൾ ഇതുവരെ എത്ര ഉറുപ്പിക ചിലവാക്കിട്ടുണ്ടു്?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: പതിനയ്യായിരം ഉറുപ്പികയിലധികം ചിലവായിട്ടുണ്ടായിരിക്കണം.

മിസ്റ്റർ കെ. കെ. കണ്ണൻ: വരുന്നകൊല്ലത്തേയ്ക്കു് ഇതു് കംപ്ലീററാക്കുവാൻ സാധിക്കുമോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: സാധിക്കും.

LICENSED CLOTH DEALER AT KAIPARAMBA—ALLEGATION REGARDING

30. **Mr. M. K. Raja** *(Mulakunnathukavu)* : Will Government be pleased to state.—

(*a*) whether they have received a mass petition containing certain allegations about a licensed cloth dealer of Kaiparamba in Trichur Taluk;

(*b*) what action has been taken or is proposed to be taken on the petition?

Mr. P. Govinda Menon *(Minister for Food and Education)*:

(*a*) Yes.

(*b*) His license was cancelled on 13th May 1947.

Mr. M. K. Raja *(Mulakunnathukavu)*: Has this licensed cloth dealer subsequently represented to Government that his license may be restored?

Mr. P. Govinda Menon *(Minister for Food and Education)*: Yes.

Mr. M. K. Raja *(Mulakunnathukavu)*: Do the Government intend to accede to it?

Mr. P. Govinda Menon *(Minister for Food and Education)*: That petition was also rejected.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ലൈസ്സൻസ്സുപീടികക്കാരൻ ആരാണെന്നു പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരു കുഞ്ഞുവറിയതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിന്നുപകരം വേറെ ലൈസ്സൻസ്സ് കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിന്നു നോട്ടീസ്സുവേണം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഈ പെററീഷൻ എന്നാണു് കിട്ടിട്ടുള്ളതെന്നു് പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എൻെറ കയ്യിൽ ൧൦—൪—൪൭ലാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആരാണു് അയാളെപ്പററി ആക്ഷേപം ചെയ്തിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പലരുടേയും ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്. മാസ്സ് പെററീഷനായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ആ പെററീഷനെപ്പററി അന്വേഷണം നടത്തിയതു് ആരാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉടനെ അന്വേഷണം നടത്തിയതു് അസിസ്റ്റാണ്ടു് ടെക്സ്റ്റൈൽസ്സു് കമ്മീഷ്ണരാണു്.

CREMATION GROUND FOR DEPRESSED CLASSES

31. **മിസ്റ്റർ കെ. കൊച്ചുകുട്ടൻ:** താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമൊ.—

(എ) ആലപ്പാട്ടും പരിസരങ്ങളിലുമുള്ള അധഃകൃതക്കു് ഒരു ശ്മശാനസ്ഥലം ഉണ്ടാക്കി കൊടുക്കണമെന്നു തദ്ദേശവാസികളായ അധഃകൃതർ ഗവമ്മെണ്ടിലേക്കു് വല്ല നിവേദനവും സമപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്;

(ബി) ഗവമ്മെണ്ടു ഇക്കായ്യത്തിൽ എന്തു നടപടിയാണു് എടുത്തിട്ടുള്ളതു്?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ:

(എ) ഉവ്വു്. ൧൯൪൭ ജൂലായ് ൨൦-ാംനു-യിൽ.

(ബി) പ്രസ്തുത ആവശ്യത്തിലേക്കു് ഒരു പററിയ സ്ഥലം അക്വയർ ചെയ്യുവാൻ ആലോചിച്ചുവരികയാണു്.

Mr. President : Mr. K. Kochukuttan has authorised Mr. K. S. Panicker for putting the question.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ൧൧൨൩-ലേക്കെങ്കിലും ഈ ശ്മശാനത്തിന്റെ പണി പൂത്തിയാക്കുവാൻ സാധിക്കുമോ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: ഇതിനെസംബന്ധിച്ചു് ചില സ്ഥലങ്ങൾ എടുക്കുവാൻ തീച്ചയാക്കിയപ്പോൾ, ആ സ്ഥലം എടുക്കുന്നതിനെ ആക്ഷേപിച്ചുകൊണ്ടു് ഒരു ഡെപ്യൂട്ടേഷൻ വന്നു, അപ്പോൾ വേറെ സ്ഥലം അന്വേഷിക്കയാണു് ചെയ്തതു്. ഇതു് സ്ഥാപിക്കുന്നതിന്നടുത്തുള്ള ആളുകളുടെ എതിരുവരും. അപ്പോൾ വേറെ സ്ഥലം അന്വേഷിക്കേണ്ടിവരും. അങ്ങിനെ അന്വേഷിച്ചു് തിട്ടപ്പെടുത്തേണ്ടിവരുന്നതുകൊണ്ടാണു് ഇത്രയും താമസിക്കുന്നതു്. അല്ലാതെ ഈ കായ്യത്തിൽ യാതൊരു അശ്രദ്ധയുമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ സ്ഥലത്തു് ഈഴവക്കു് ഭൂമിയില്ലേ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: അവിടെ ഈഴവരെല്ലാം ദരിദ്രരായിരിക്കണമെന്നില്ല

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈഴവരുടെ ഭൂമികൾ അക്വയർ ചെയ്യുകയാണെങ്കിൽ അതിൽ ആക്ഷേപത്തിന്നു് വഴിയുണ്ടാവുകയില്ലല്ലൊ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: അക്വയർ ചെയ്യുന്നതു് ഈഴവന്റെ ഭൂമിയാണെങ്കിലും ആക്ഷേപമുണ്ടാകും.

മിസ്റ്റർ പി. നാരായണമേനോൻ: ഈ സ്ഥലത്തു് പൊതു ശ്മശാനങ്ങളേതെങ്കിലുമുണ്ടോ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: രണ്ടുനാഴിക അകലെയായിട്ടു് ചാഴൂർ ഒരു പൊതുശ്മശാനമുണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ: അധകൃതക്കു് പ്രത്യേകം സ്ഥലംകൊടുക്കുവാൻ വിരോധമുണ്ടോ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: വിരോധമില്ല.

മിസ്റ്റർ പി. കെ. ഡീവർ: ആ സ്ഥലം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ നോക്കിയതിന്നുശേഷമല്ലെ എടുക്കുവാൻ തീരുമാനിച്ചതു്?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: അതെ; പ്രൊട്ടക്ടർ പോയി സ്ഥലംനോക്കി എടുക്കുവാൻ നിശ്ചയിച്ചപ്പോഴാണു് ആളുകൾ അതിനെപ്പററി അറിയുവാനും, ആവലാതിപ്പെടാനും ഇടയായതു്.

മിസ്റ്റർ പി. നാരായണമേനോൻ: സവണ്ണക്കും, അവണ്ണക്കും പ്രത്യേകം അടുക്കളയുണ്ടെന്നു് വലിയ ആക്ഷേപമായിട്ടു് വിചാരിക്കുന്ന ഈ രാജ്യത്തിൽ മരിച്ചുകഴിഞ്ഞാലെങ്കിലും ആ അസമത്വം ദൂരീകരിക്കുവാൻ വിചാരിക്കുന്നുണ്ടോ?

Mr. President : That question does not arise here.